Mathrubhumi
മാതൃഭൂമി

Palakkad edition
Dated 01-02-2026
Page no:2 Column no:3&4

# ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് പല്ലശ്ശനയിൽ

**കൊല്ലങ്കോട്** ▸ ജില്ലാ സബ് ജൂനിയർ ത്രോബോൾ മത്സരങ്ങൾ ഫെബ്രുവരി ആറിന് പല്ലശ്ശന വി.ഐ.എം. ഹയർസെക്കൻഡറി സ്കൂളിൽ നടക്കും. പങ്കെടുക്കുന്ന ടീമുകൾ മൂന്നിന് മുൻപ് പ്ലെയർ രജിസ്ട്രേഷനും ടീം രജിസ്ട്രേഷനും www.throwballkerala.com എന്ന വെബ്സൈറ്റിൽ പൂർത്തിയാക്കണം. ഫോൺ: 9447742821

ദേശാഭിമാനി
Palakkad edition
Dated 01-02-2026
Page no:3 Column no:1

# ജില്ലാ ത്രോബോൾ ചാമ്പ്യൻഷിപ് 6ന്

**കൊല്ലങ്കോട്**

ജില്ലാ സബ് ജൂനിയർ ത്രോ ബോൾ ചാമ്പ്യൻഷിപ് ആറിന് പല്ലശന വിഐഎം ഹയർ സെക്കൻഡറി സ്കൂളിൽ നടക്കും. ടീമുകൾ മൂന്നിന് മുമ്പ് www.throwballkerala.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യണം. ഫോൺ: 9447742821.

മലയാള മനോരമ

സബ് ജൂനിയർ ത്രോബോൾ

# പല്ലശ്ശന സ്പോർട്സ് അക്കാദമിയും ചാലഞ്ചേഴ്സ് സ്പോർട്സ് ക്ലബ്ബും ജേതാക്കൾ

പല്ലശ്ശന ● ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്പിലെ ആൺകുട്ടികളുടെ വിഭാഗത്തിൽ പല്ലശ്ശന സ്പോർട്സ് ആൻഡ് ഗെയിംസ് അക്കാദമിയും പെൺകുട്ടികളുടെ വിഭാഗത്തിൽ പല്ലശ്ശന ചാലഞ്ചേഴ്സ് സ്പോർട്സ് ക്ലബ്ബും ജേതാക്കളായി. ഇരു വിഭാഗത്തിലും നെന്മാറ ഫ്രണ്ട്സ് ക്ലബ് രണ്ടാം സ്ഥാനം നേടി. കാക്കയൂർ റിക്രിയേഷൻ സെന്ററിനാണ് ഇരു വിഭാഗത്തിലും മൂന്നാം സ്ഥാനം. പഞ്ചായത്ത് അംഗം ശരണ്യ ധനേഷ് ഉദ്ഘാടനം ചെയ്തു. ആർ.മനോജ് അധ്യക്ഷനായി. വിജയികൾക്കു പഞ്ചായത്ത് അധ്യക്ഷൻ കെ.രാമദാസ് ട്രോഫികൾ നൽകി. ഉപാധ്യക്ഷ ആർ.അംബിക അധ്യക്ഷയായി. ദേശീയ ത്രോബോൾ ഫെഡറേഷൻ അംഗം കെ.പ്രദീപ്, എ.ആർ.മുഹമ്മദ് റാഫി, പി.ആർ.അശോകൻ, കെ.ലസിത, ബി.സ്മിത, വി.പ്രശാന്ത്, കെ.മണികണ്ഠപ്രസാദ്, ഡി.മനീഷ എന്നിവർ പ്രസംഗിച്ചു.



ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ ജേതാക്കളായ പല്ലശ്ശന ചാലഞ്ചേഴ്സ് സ്പോർട്സ് ക്ലബ്.



ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ജേതാക്കളായ പല്ലശ്ശന സ്പോർട്സ് ആൻഡ് ഗെയിംസ് അക്കാദമി.

**Palakkad edition**
**Dated 07-02-2026**
**Page no : 2 Column no : 5,6,7&8**

# ദേശാഭിമാനി

**Palakkad edition**
**Dated 07-02-2026**
**Page no : 4 Column no : 2,3&4**


ത്രോബോൾ ചാമ്പ്യൻഷിപ്

## സ്പോർട്സ് ആൻഡ് ഗെയിംസ് അക്കാദമിയും ചലഞ്ചേഴ്സ് സ്പോർട്സ് ക്ലബ്ബും ചാമ്പ്യന്മാർ



ജില്ലാ സബ്ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് പെൺക്കുട്ടികളുടെ വിഭാഗത്തിൽ ചാമ്പ്യൻമാരായ പല്ലശന ചലഞ്ചേഴ്സ് സ്പോർട്സ് ക്ലബ് ടീം



ആൺകുട്ടികളുടെ വിഭാഗത്തിൽ ചാമ്പ്യന്മാരായ പല്ലശന സ്പോർട്സ് ആൻഡ് ഗെയിംസ് അക്കാദമി ടീം

**കൊല്ലങ്കോട്**

ജില്ലാ സബ്ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ പല്ലശന സ്പോർട്സ് ആൻഡ് ഗെയിംസ് അക്കാദമി വിഭാഗവും പെൺകുട്ടികളുടെ വിഭാഗത്തിൽ പല്ലശന ചാലഞ്ചേഴ്സ് സ്പോർട്സ് ക്ലബ്ബും ജേതാക്കളായി. ഇരു വിഭാഗത്തിലും ഫ്രണ്ട്സ് ക്ലബ് നെന്മാറ രണ്ടും കാക്കയൂർ റിക്രിയേഷൻ സെന്റർ മൂന്നാം സ്ഥനം നേടി.

പല്ലശന വിഐഎം ഹയർ സെക്കൻഡറി മത്സരങ്ങൾ വാർഡ് അംഗം ശരണ്യ ധനേഷ് ഉദ്ഘാടനം ചെയ്തു. സ്കൂൾ പിടിഎ പ്രസിഡന്റ് ആർ മനോജ് അധ്യക്ഷനായി. പല്ലശന പഞ്ചായത്ത് പ്രസിഡന്റ് കെ രാമദാസ് സമ്മാനംനൽകി.